# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.221

### 17-06-2019 ൽ മറുപടിക്ക്

**മസാല ബോണ്ടുകളുടെ നിയമ സാധുത**

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. പി.ടി. തോമസ് | മറുപടി<br>ശ്രീ. എ.കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|
| (എ) സംസ്ഥാന സർക്കാർ നൽകിയ ഗ്യാരണ്ടിയിലൂടെ കിഫ്ബി ലഭ്യമാക്കിയ മസാല ബോണ്ടുകൾ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 293(1)-ന്റെ പരിധിയിൽ വരില്ല എന്ന വാദം നിയമ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | കേരള നിയമസഭാ ഐകകണ്ഠേന അംഗീകരിച്ച കിഫ് ആക്ട് പ്രകാരം കിഫ്ബിയുടെ എല്ലാ ധനസമാഹരണത്തിന്റെയും തിരിച്ചടവിനു സർക്കാർ ഗ്യാരന്റി ഉണ്ട്. മസാലാ ബോണ്ടിന്റെ ട്രസ്റ്റ് ഡീഡ്, ഏജൻസി എഗ്രിമെന്റ് എന്നിവ നിയമവകുപ്പിനു സമർപ്പിച്ചിരുന്നു. ഇവയുൾപ്പടെ മസാല ബോണ്ടുവഴിയുള്ള ധനസമാഹരണവുമായി ബന്ധപ്പെട്ട എല്ലാ നിയമ വശങ്ങളും നിയമ വകുപ്പ് പരിശോധിക്കുകയും ഇവയുടെ നിയമ സാധുത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനങ്ങൾക്ക് വിദേശരാജ്യങ്ങളിൽ നിന്നും കടമെടുക്കാൻ ഭരണഘടന കല്പിച്ചിരിക്കുന്ന വിലക്ക് കിഫ്ബിക്കും ബാധകമാണെന്ന് കരുതുന്നുണ്ടോ; | |
| (സി) കേന്ദ്രസർക്കാരിന് മാത്രം നൽകിയ അവകാശങ്ങളിലേക്ക് സംസ്ഥാനം കടന്നു കയറുന്ന ഒരു നടപടിയല്ലേ കിഫ്ബിയുടെ ഈ ബോണ്ട് വില്പന എന്ന് വ്യക്തമാക്കുമോ? | ഭരണഘടനയുടെ അനുച്ഛേദം 293(1) അനുശാസിക്കുന്നത് താഴെ പറയും പ്രകാരമാണ്.<br>**Article 293(1) in The Constitution of India 1949**<br>**(1)** Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees within such limits, if any, as may be so fixed.<br>സംസ്ഥാന സർക്കാരുകൾ കടം വാങ്ങുന്നതിനുള്ള |

| | |
|---|---|
| | മാനദണ്ഡങ്ങളാണ് അനുച്ഛേദം 293(1)ൽ പ്രതിപാദിക്കുന്നത്. കിഫ്ബി പോലെയുള്ള ഏജൻസികൾക്ക് ഇത് ബാധകമല്ല.<br>കിഫ് ആക്ട് നിഷ്കർഷിക്കും വിധം, റിസർവ് ബാങ്ക് പോലുള്ള നിയന്ത്രണ സംവിധാനങ്ങളുടെ പൂർണ്ണ അനുവാദത്തോടെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് പൂർത്തിയാക്കിയ ഒരു ഇടപാട് എന്ന നിലയിൽ കിഫ്ബിയുടെ മസാല ബോണ്ട് വിൽപ്പന കേന്ദ്ര സർക്കാരിന് മാത്രം നൽകിയിട്ടുള്ള അവകാശങ്ങളിലേക്ക് സംസ്ഥാനം കടന്നു കയറിയ ഒരു നടപടിയല്ല. |

അഡീഷണൽ സെക്രട്ടറി